**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## KEAM -2025

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

സംസ്ഥാനത്തെ 2025 ലെ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **11.07.2025 മുതൽ 18.07.2025 വൈകുന്നേരം 4.00 മണി വരെ** ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

### ഒന്നാംഘട്ട അലോട്ട്മെന്റ്

ഒന്നാംഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് 21.07.2025 **മുതൽ 25.07.2025 രാവിലെ 11 മണിക്കകം** ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കേണ്ടതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. **നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ**

ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

**ആദ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല.**

**ഒന്നാംഘട്ട അലോട്ട്മെന്റിൽ ഫീസ് അടയ്ക്കാനുള്ള സമയക്രമം**

| | |
|---|---|
| 21.07.2025 | ഫീസ് ഒടുക്കുവാനുള്ള സമയം ആരംഭിക്കുന്നു. (ഓൺലൈനായി/ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരം) |
| 25.07.2025<br>രാവിലെ 11.00 മണി | ഫീസ് ഒടുക്കുവാനുള്ള സമയം അവസാനിക്കുന്നു |

**കുറിപ്പ്**

ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന് കീഴിലുള്ള ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ (എസ്.സി/എസ്.റ്റി/ഒ.ഇ.സി ഒഴികെ) ട്യൂഷൻ ഫീസിനോടൊപ്പം 1,000/- രൂപ കോഷൻ ഡിപ്പോസിറ്റായി ഒടുക്കേണ്ടതാണ്. എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ ഒടുക്കിയ ഓപ്ഷൻ രജിസ്ട്രേഷൻ ഫീ, ടോക്കൺ ഫീസ് എന്നിവ കോഷൻ ഡിപ്പോസിറ്റിൽ വകയിരുത്തുന്നതാണ്. Tuition Fee Waiver Scheme ന് കീഴിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനം ഉറപ്പാക്കാൻ ടോക്കൺ ഫീസായി 500 രൂപ അടയ്ക്കണം. Tuition Fee Waiver സ്കീമിൽ തുടരുന്നവർക്ക് ഈ ഫീസ് തിരികെ നൽകുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
21-07-2025

Signed by Arun S Nair
Date: 21-07-2025 15:40:32